മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) ഏരവത്തൊടി സംഘം
മേടം— ൻ ബെയിൽ
ഇടവം— ന്യ ബെയിൽ.
കുത്താമ്പിള്ളി സംഘം
മേടം— ഫ ന്ന $\frac{1}{2}$ ബെയിൽ
ഇടവം— ര ബെയിൽ ന ൻ ബണ്ടിൽ.

(ബി) തൃശ്ശിവപേരൂർ സെട്രൽ മാക്കറ്റിങ്ങ് സംഘത്തിൽനിന്നും.

(സി) ഏരവത്തൊടി കുത്താമ്പിള്ളി സംഘങ്ങളുടെ പേരിലാണു് ചിലവെഴുതിയിരിക്കുന്നതു്. സംഘങ്ങൾം കാർഡ് ഉടമസ്ഥന്മാക്കു് നുൽ വിതരണം ചെയ്തിട്ടുണ്ടു്.

(ഡി) ഉണ്ടായിട്ടുണ്ടു്.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: സർ, മേടം, ഇടവം ഈ മാസങ്ങളിൽ മറ്റു ഏതെങ്കിലും വീവിംഗ് സൊസൈറ്റികൾക്കു് കൊടുത്തിട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഒരു സൊസൈറ്റിക്കുകൂടി കൊടുത്തിട്ടുണ്ടെന്നാണു് തോന്നുന്നതു്. അതു് ഏതാണെന്നു പറയുവാൻ വയ്യാ.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: ഏതു സൊസൈറ്റിക്കാണെന്നു നോക്കി പറയാമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: നോട്ടീസ്സു വേണം.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: കുത്താംപിള്ളി സംഘത്തിനു നുലു കിട്ടുവാനായിട്ടു് അപേക്ഷിച്ചിട്ടുള്ളതു് ഏതെല്ലാം തിയ്യതികളിലാണു്.

മിസ്റ്റർ പറമ്പി ലോനപ്പൻ: നോട്ടിസ്സു വേണം.

മിസ്റ്റർ എം. കെ. രാജാ: കന്നംകുളം ഹോം ഇൻഡസ്ട്രീസ് ഡവലപ്പ്മെൻറ് കൊ-ഓപ്പറേറീവ് സൊസൈറ്റിയിൽനിന്നു നുലു വിതരണത്തിനായി നുൽ അനുവദിക്കുവാൻ വല്ല അപേക്ഷയും കിട്ടിട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: നോട്ടിസ്സു വേണം.

മിസ്റ്റർ എം. കെ. രാജാ: അങ്ങിനെ വല്ല അപേക്ഷകളും കിട്ടിയോൾം മൻപറഞ്ഞ കൊ-ഓപ്പറേറീവ് സൊസൈറ്റികൾക്കു നുൽ വിതരണത്തിനു കൊടുത്ത ന്യായത്തിന്മേൽ ആ സൊസൈറ്റിക്കും നുൽ വിതരണം ചെയ്തുകൊടുക്കുമെന്നു വിശ്വസിക്കാമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ന്യായമെങ്ങിനെയാണെന്നു ഞാൻ നോക്കീട്ടില്ല. അതിനെപ്പറ്റി ആലോചിക്കാം.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: നിയമസഭാവോട്ടർമാരല്ലാത്ത ഏതെങ്കിലും യാൺ ഉടമസ്ഥനു കൊടുത്തിട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: നോട്ടീസ്സു വേണം.

CULTIVATION—NELLIAMPATHI HILLS

133. മിസ്റ്റർ കെ. എസ്സു്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) നെല്ലിയാമ്പതി മലയിൽ തുടങ്ങീട്ടുള്ള പച്ച കൃഷിത്തോട്ടം ഫ ഫ വ ഠ-ൽ കൃഷി ഡയറക്ടർ എത്ര തവണ സന്ദർശിച്ചിട്ടുണ്ടു്; അതു ഏതേതു മാസം, തിയ്യതികളിലാണു്;

(ബി) പ്രസ്തുത തോട്ടത്തിൽ പഞ്ചായത്തു് അസിസ്റ്റൻറ് എഞ്ചിനീയർ അവർകൾം എപ്പോഴെങ്കിലും പോയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതേതു് മാസം, തിയ്യതികളിൽ, എന്തിനു പോയി;

(സി) പ്രസ്തുത തോട്ടത്തിൽ പ്രത്യേകമായി ഒരു ഓവർസിയറെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെയാണു്;

(ഡി) ഗ്രാമോദ്ധാരണ മന്ത്രിയായിരുന്ന മിസ്റ്റർ ടി. കെ. നായർ ഫ ഫ വ ഠ-ൽ ഈ തോട്ടം എത്ര തവണ സന്ദർശിച്ചിട്ടുണ്ടു്?

മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) കൃഷി ഡയറക്ടർ ഫ ഫ വ ഠ-ൽ ഒമ്പതവണ സന്ദർശിച്ചിട്ടുണ്ടു്. സന്ദർശിച്ച തിയ്യതികളെപ്പറ്റി അനുബന്ധിച്ചിരിക്കുന്ന ലിസ്റ്റു് നോക്കുക. *(Appendix)*

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്. ൨൩ ൧ ൨൦
൨൩ ൨ ൨൦
൧൫ ൨ ൨൦
൧൭ ൩ ൨൦
൨൭ ൪ ൨൦ തീയ്യതികളിൽ, അവിടെ നടന്നിരുന്ന
൩൦ ൫ ൨൦ കെട്ടിടം പണി മുതലായതു പരിശോ
൨൪ ൬ ൨൦ ധിക്കുന്നതിനു
൧൮ ൭ ൨൦
൧൫ ൮ ൨൦
൭ ൯ ൨൦
൧൦ ൧൦ ൨൦
൨൨ ൧൦ ൨൦

(സി) ഉണ്ടായിരുന്നു. പഞ്ചായത്തു ഓവർസിയർ ആയിരുന്ന മിസ്റ്റർ പി. ടി. മാത്യുവിനെയാണു്.

(ഡി) അഞ്ചുതവണ.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: ഇപ്പോൾ അവിടെ പഞ്ചായത്തു ഓവർസിയറെ കാണാറില്ലല്ലൊ.

മിസ്റ്റർ പറമ്പി ലോനപ്പൻ: അദ്ദേഹം ലീവിലാണു്.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: അദ്ദേഹം ഇപ്പോഴും സ്പെഷ്യൽ ഓവർസിയുടെ സ്ഥാനത്തുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഉണ്ടായിരുന്നു. ഇപ്പോൾ ലീവിലാണു്.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: സ്പെഷ്യൽ ഓവർസിയറായിട്ടു് ഇപ്പോൾ ആരെങ്കിലുമുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഇല്ല.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: കെട്ടിടങ്ങൾ പണിയുവാൻ ആകെ എത്ര സംഖ്യ ചിലവായിട്ടുണ്ടു്?

മിസ്റ്റർ പറമ്പി ലോലനപ്പൻ: ആകെ ൯ ൭, ൫ ൫ ൫ രൂ.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: ആ പണികളെല്ലാം അവസാനിച്ചുവോ?

Mr. Parambi Lonappen *(Minister for Rural Development)*: Being completed; almost completed.

മിസ്റ്റർ ജോസു് കെ. വറുഗീസു്: ചീഫ് എഞ്ചിനീയർ എത്രപ്രാവശ്യം ഇൻസ്പെക്ടു് ചെയ്തിട്ടുണ്ടു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: നോട്ടീസ്സു വേണം.

മിസ്റ്റർ ജോസു് കെ. വറുഗീസു്: മേജർ വർക്കുകൾ എല്ലാം ചീഫ് എഞ്ചിനീയർ ഇടക്കിടക്കു പരിശോധിക്കണമെന്നു നിർബന്ധമുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ആകെ ൫൯,൦൦൦-ൽ ചിലവാനം ഉറപ്പികയാണു് ചിലവായിട്ടുള്ളതു്.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: എത്ര കെട്ടിടമായിട്ടാണു് പണിയിച്ചിരിക്കുന്നതു്?

Mr. Parambi Lonappen *(Minister for Rural Development)*: Dispensary building; 5 cooly lines to accommodate 300 coolies.

മിസ്റ്റർ കെ എസ്സു്. പണിക്കർ: അവക്കോരോന്നിനും എത്ര വീതം ചിലവായിട്ടുണ്ടു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: നോട്ടീസ്സു വേണം.

മിസ്റ്റർ കെ. ടി. അച്യുതൻ: അവിടെയുണ്ടാക്കുന്ന പച്ചക്കറി വിറ്റുതുടങ്ങിയോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അധികമൊന്നും വിറ്റിട്ടില്ല, കുറച്ചൊക്കെ വിറ്റിട്ടുണ്ടു്.

മിസ്റ്റർ ജോസു് കെ. വറുഗീസ്സു്: കെട്ടിടംപണി മുതലായതു് എന്നു പറഞ്ഞിട്ടുണ്ടു്. ഈ മുതലായതു് എന്നു പറഞ്ഞിരിക്കുന്നതു് ഏതൊക്കെയാണു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: നോട്ടീസ്സു വേണം.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ജോസ്. കെ. വഗീസ്സ് : ഇതു ഡിപ്പാർട്ട്മെണ്ടലായിട്ട നടത്തിയ പണിയോ കൺട്രാക്ടായിട്ട പണിയിച്ചതോ ?

മിസ്റ്റർ പറമ്പി ലോനപ്പൻ : നോട്ടീസ്സു വേണം.

മിസ്റ്റർ പി. നാരായണമേനോൻ : ആകെ ൻ ൭, ൦ ൦ ൦-ൽ ചിലപ്രാനം ഉറപ്പിക ചിലവു ചെയ്യുവെന്നു പറഞ്ഞുവല്ലോ. അപ്പോൾ മറ്റു കെട്ടിടത്തിനുതന്നെ പതിനായിരം ഉറപ്പികയിൽ കവിഞ്ഞു ചിലവു വരുകയില്ലേ ?

മിസ്റ്റർ പറമ്പി ലോനപ്പൻ : ആകെ ചിലവാണ് ൻ ൭, ൪ ൪ ൪ ഉറപ്പിക. അതിനെ ന്യകൊണ്ടു ഹരിച്ചാൽ എത്രയെന്നറിയാമല്ലൊ.

മിസ്റ്റർ പി. നാരായണമേനോൻ : രണ്ടായിരം ഉറപ്പികക്കു മേലുള്ള പണിയായതുകൊണ്ടു ചീഫ് എഞ്ചിനിയരല്ലേ പരിശോധിക്കേണ്ടതു് ?

മിസ്റ്റർ പറമ്പി ലോനപ്പൻ. ഓരോ എസ്റ്റിമേറും രണ്ടായിരം ഉറപ്പികയിൽ കൂടുതലാണെങ്കിൽ എല്ലാംകൂടി കണക്കാക്കി നോക്കുമ്പോൾ ഓരോന്നും പ്രത്യേകം പ്രത്യേകം പരിശോധിക്കേണ്ടതില്ല.

മിസ്റ്റർ പി. നാരായണമേനോൻ : അതിനെ ന്യകൊണ്ടു ഹരിച്ചാൽ ഓരോന്നിനും രണ്ടായിരം ഉറപ്പികക്കു മേൽ ചിലവായിട്ടുണ്ടെന്നു വ്യക്തമാണു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ : ചീഫ് എഞ്ചിനീയർ പരിശോധിച്ചിട്ടില്ലെന്നു ഗവമ്മെണ്ടിനറിയാമോ ?

മിസ്റ്റർ പറമ്പി ലോനപ്പൻ : പരിശോധിച്ചിട്ടില്ല.

മിസ്റ്റർ എം. ഒ. തോമക്കുട്ടി : ഓരോ എസ്റ്റിമേറും എത്രയുണ്ടെന്നു പറയാമോ ?

മിസ്റ്റർ പറമ്പി ലോനപ്പൻ : അതിപ്പോൾ പറയുവാൻ തരമില്ല.

മിസ്റ്റർ ടി. കെ. നായർ : ഈ കെട്ടിടങ്ങൾക്കു് ആകെ എത്ര പേഴ്സെന്റേജ് കൊടുക്കുവാനാണു ചീഫ് എഞ്ചിനീയർ പറഞ്ഞിട്ടുള്ളതു് ? കൺട്രാക്ടു് കൊടുക്കുകയാണെങ്കിൽ ഇത്ര പേഴ്സെന്റേജു കൊടുക്കണമെന്നു പറഞ്ഞിട്ടുണ്ടാകുമല്ലോ ?

മിസ്റ്റർ പറമ്പി ലോനപ്പൻ : നൂ ൦ ൦ ശതമാനം.

മിസ്റ്റർ ടി. കെ. നായർ : അതിനു ശേഷം രണ്ടാമതു് ഏതുതരത്തിലാണു ഗവമ്മെണ്ടു് അതിന്റെ പണി നടത്തിച്ചിട്ടുള്ളതു് ?

മിസ്റ്റർ പറമ്പി ലോനപ്പൻ : നോട്ടീസ്സു വേണം.

മിസ്റ്റർ ടി. കെ. നായർ : ഡിപ്പാർട്ട്മെണ്ടലായിട്ടു് അയച്ച ചീഫ് എഞ്ചിനീയരെക്കൊണ്ടു് ആ പണി ചെയ്യിക്കാമായിരുന്നില്ലേ ?

മിസ്റ്റർ പറമ്പി ലോനപ്പൻ : ചീഫ് എഞ്ചിനീയരെക്കൊണ്ടു ചെയ്യിക്കുവാൻ വേണ്ടിയാണു ഡിപ്പാർട്ട്മെണ്ടലായിട്ടു് അയച്ചതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ആൻറി മലേരിയൽ വർക്സിൽ ബണ്ടിടലും സ്ലൂസിടലും ഒക്കെ ഈ കൊല്ലത്തിൽ തന്നെയാണോ നടന്നതു് ?

മിസ്റ്റർ പറമ്പി ലോനപ്പൻ : അതെ.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : അസിസ്റ്റണ്ടു് എഞ്ചിനീയർ അവിടെ വിസിറ്റു ചെയ്തപ്പോൾ ഇതു പരിശോധിച്ചിട്ടുണ്ടോ ?

മിസ്റ്റർ പറമ്പി ലോനപ്പൻ : ബണ്ടും സ്ലൂസും പരിശോധിച്ചിട്ടുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : അതിൽ ചിലതു വാഷ് ചെയ്തുപോയിട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ : പോയിട്ടുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ചീഫ് എഞ്ചിനീയർ പണിയിക്കാത്തതുകൊണ്ടല്ലേ അതിനിടയായതു് ?

മിസ്റ്റർ പറമ്പി ലോനപ്പൻ : അതല്ല, വെള്ളച്ചാട്ടത്തിന്റെ ശക്തികൊണ്ടായിരിക്കണം.

മിസ്റ്റർ പി. എ. മഹമ്മദ് അഷ്റഫ് : മണ്ണും പുല്ലുംകൊണ്ടു ബണ്ടു പണിയിച്ചാൽ മഴക്കാലത്തു് ഇരിക്കുമോ ?

മിസ്റ്റർ പറമ്പി ലോനപ്പൻ : ശക്തിയായ മഴ പെയ്യുതുകൊണ്ടായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ : മണ്ണുകൊണ്ടും പുല്ലുകൊണ്ടും ഉണ്ടാക്കിയ ബണ്ടിനു് എത്ര ചിലവു വരും? ഇതു പഞ്ചായത്തിൽനിന്നു നേരിട്ടു ചെയ്തതല്ലേ?

മിസ്റ്റർ പറമ്പി ലോനപ്പൻ : അങ്ങിനെ ഞാൻ പറഞ്ഞില്ലല്ലോ.

മിസ്റ്റർ ജോസ് കെ. വഗീസ്സ് : രണ്ടായിരം ഉറുപ്പികയിൽ കൂടുതൽ ചിലവു ചെയ്തിട്ടുണ്ടെന്നു കടലാസ്സിൽ കണ്ടതു .....

മിസ്റ്റർ പറമ്പി ലോനപ്പൻ : വേറെ പല പണികളും നടന്നുപോയിട്ടുണ്ടു്.

മിസ്റ്റർ പുത്തൂർ അച്ചുതമേനോൻ : നെല്ലിയാമ്പതി മലംപ്രദേശമോ, സാധാരണ പ്രദേശമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ : ഞാൻ പോയി നോക്കിയതിൽ മലംപ്രദേശമായിട്ടാണു് എനിക്കു മനസ്സിലായിട്ടുള്ളതു്.

മിസ്റ്റർ ടി. കെ. നായർ : പഞ്ചായത്തുഡയറക്ടർ പരിശോധിച്ചിട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ : പരിശോധിച്ചു.

മിസ്റ്റർ ടി. കെ. നായർ : അദ്ദേഹത്തിന്റെ റിപ്പോർട്ടുണ്ടോ, ശരിക്കുണ്ടെന്നു്?

മിസ്റ്റർ പറമ്പി ലോനപ്പൻ : ഉണ്ടു്.

മിസ്റ്റർ ടി. കെ. നായർ : നെല്ലിയാമ്പതിയിൽ വളരെ അഴിമതികൾ നടക്കുന്നുണ്ടെന്നു ബഹുമാനപ്പെട്ട മന്ത്രി ബഡ്ജറ്റുപ്രസംഗത്തിൽ പ്രസ്താവിച്ച സ്ഥിതിക്കു ഗവൺമെണ്ടിനു് ചീഫ് എഞ്ചിനീയറെ അയച്ചു ഗൌരവമായി അന്വേഷണം നടത്തുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ : ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ : പഞ്ചായത്തു ഡയറക്ടർ, സീനിയർ മോസ്റ്റ് അസിസ്റ്റന്റു എഞ്ചിനീയരല്ലേ?

മിസ്റ്റർ പറമ്പി ലോനപ്പൻ : അതെ.

JACK AND MANGO TREES—CUTTING OF

134. മിസ്റ്റർ പി. മാണി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവർമ്മെണ്ടു ദയവായി മറുപടി പറയുമോ.—

(എ) ഈ രാജ്യത്തിൽ പ്ലാവുമരങ്ങൾ അനുവാദം കൂടാതെ മുറിച്ചുകൂടാ എന്നുള്ള നിയമം എന്നു മുതൽ നടപ്പിൽവരുത്തി;

(ബി) ഈ നിയമം നടപ്പിൽ വന്നതിനുശേഷം ക ക൨ ൦ മിഥുനം ന ൦-ാംതു-ക്കകമായിട്ടു ആകെ എത്ര മാവുകളും എത്ര പ്ലാവുകളും മുറിക്കുന്നതിനു അപേക്ഷകൾ ഗവർമ്മെണ്ടിലേക്കു സിദ്ധിച്ചിട്ടുണ്ടു്;

(സി) ക ക൨ ൦ മിഥുനം ന-ാംതു-ക്കകമായിട്ടു ആകെ ഓരോ താലൂക്കിലും എത്ര മാവുകളും എത്ര പ്ലാവുകളും മുറിക്കുന്നതിനുള്ള അനുവാദം നൽകിയിട്ടുണ്ടു്;

(ഡി) മേൽകാണിച്ച വൃക്ഷങ്ങൾ മുറിക്കുവാൻ അനുവാദം നൽകുന്നതിലേക്കു ഗവൺമെണ്ടിൽനിന്നും വല്ല ഫീസും വസൂൽചെയ്യുന്നുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എന്തു;

(എഫ്) ഇപ്രകാരം ഒരു നിയമം അയൽരാജ്യമായ തിരുവിതാംകൂറിലോ, ബ്രിട്ടീഷിന്ത്യയിലോ നടപ്പിലുണ്ടോ;

(ജി) ഈ നിയമം ഇവിടെ നടപ്പിൽ വരുത്തിയതിന്റെ ഉദ്ദേശമെന്തു?

മിസ്റ്റർ പറമ്പിലോനപ്പൻ :

(എ) ക കവ മേടം ക ൧-ാംതു മുതൽ നടപ്പിൽ വരുത്തി (G. P. D.) 5—18463/18, dated 13th April 1943.

(ബി) ക ക൨ ൦ എടവം ന ൨-ാംതു വരെ ആകെ ൪, ൧ ൦ന അപേക്ഷകൾ കിട്ടിയിട്ടുണ്ടു്.

(സി) ക ക൨ ൦ എടവം ന ൨-ാംതു വരെ മാവും, പ്ലാവും, പുളിയും അടക്കം ആകെ കൊച്ചികണയന്നൂർ താലൂക്കിൽ ന ൪ ക-ം, കൊടുങ്ങല്ലൂർ താലൂക്കിൽ ൨ ന ൪-ം, മുകുന്ദപുരം താലൂക്കിൽ. ന, ന ൫ ൪-ം, തൃശ്ശിവപേരൂർ താലൂക്കിൽ ക,ൻ ൦ ൪-ം, തലപ്പിള്ളി താ

LIBRARY ARCHIVES Kerala Legislative Assembly

Mr. Parambi Lonappen *(Minister for Rural Development):* May I know whether Matches or Public Health is to be taken up first tomorrow?

Mr. P. Govinda Menon *(Ernakulam):* Matches.

The House rose for the day at 4-48 p.m.

N. S. RADHAKRISHNA SARMA
Secretary to the Council

APPENDIX

(Please see answer to question No. 133)

പ്രാഥമിക ആരോഗ്യ കേന്ദ്രം	മാതൃകാ ആരോഗ്യ കേന്ദ്രം
ആലപ്പുഴ	ചേർത്തല
അമ്പലപ്പുഴ	കായംകുളം
ഹരിപ്പാട്	മാവേലിക്കര
ചെങ്ങന്നൂർ	തിരുവല്ല
കുട്ടനാട്	കോട്ടയം
വൈക്കം	ഏറ്റുമാനൂർ
പാലാ	കാഞ്ഞിരപ്പള്ളി
തൊടുപുഴ	ഇടുക്കി
പീരുമേട്	കുമളി
മൂവാറ്റുപുഴ	കോതമംഗലം
പിറവം	കൂത്താട്ടുകുളം
ആലുവ	പറവൂർ
കളമശ്ശേരി	പെരുമ്പാവൂർ
കുന്നത്തുനാട്	കോലഞ്ചേരി
തൃക്കാക്കര	എറണാകുളം
മട്ടാഞ്ചേരി	ഫോർട്ട് കൊച്ചി
കുന്നംകുളം	ചാവക്കാട്
ചാലക്കുടി	കൊടുങ്ങല്ലൂർ
ഇരിങ്ങാലക്കുട	മാള
തൃശ്ശൂർ	ഒല്ലൂക്കര
ചേർപ്പ്	വടക്കാഞ്ചേരി
ഒറ്റപ്പാലം	ലക്കിടി
പട്ടാമ്പി	ചെർപ്പുളശ്ശേരി
കൊല്ലങ്കോട്	നെന്മാറ
ആലത്തൂർ	വടക്കഞ്ചേരി
മണ്ണാർക്കാട്	അഗളി
പാലക്കാട്	ഷൊർണ്ണൂർ
മലമ്പുഴ	കഞ്ചിക്കോട്
തിരൂർ	താനൂർ
പൊന്നാനി	എടപ്പാൾ
തിരുനാവായ	കുറ്റിപ്പുറം
മലപ്പുറം	പെരിന്തൽമണ്ണ
മഞ്ചേരി	നിലമ്പൂർ
കൊണ്ടോട്ടി	വണ്ടൂർ
കോഴിക്കോട്	ബേപ്പൂർ
കുന്നമംഗലം	ഫറോക്ക്
കൊയിലാണ്ടി	വടകര
പേരാമ്പ്ര	നാദാപുരം
കൽപ്പറ്റ	മാനന്തവാടി
സുൽത്താൻ ബത്തേരി	പനമരം
കണ്ണൂർ	തലശ്ശേരി
പയ്യന്നൂർ	തളിപ്പറമ്പ്
കാസർഗോഡ്	കാഞ്ഞങ്ങാട്

LIBRARY ARCHIVES Kerala Legislative Assembly